പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2448 **27-10-2026-ൽ മറുപടിയ്ക്ക്**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന ഏറ്റവും പുതിയ പ്രതിരോധ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് മയക്കുമരുന്ന് ദുരുപയോഗവും കടത്തും തടയുന്നതിനായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം രഹസ്യാന്വേഷണം, സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണം, ജനകീയ പങ്കാളിത്തം, ലഹരിവിമുക്ത ചികിത്സ, പുനരധിവാസം എന്നിവ സംയോജിപ്പിച്ചുള്ള സമഗ്രമായ പ്രതിരോധ സമീപനമാണ് സ്വീകരിച്ചുവരുന്നത്. ലഹരി വസ്തുക്കളുടെ വിതരണ ശൃംഖല തകർക്കുക, യുവജനങ്ങളെയും വിദ്യാർഥികളെയും ലഹരിയുടെ പിടിയിൽനിന്ന് സംരക്ഷിക്കുക, ലഹരിവസ്തുക്കളുടെ ഉറവിടം, കടത്ത്, സംഭരണം, വിതരണം, വിപണനം എന്നിവയുടെ വിവിധ ഘട്ടങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുക എന്നിവയാണ് ഈ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി ഉപയോഗവും അനധികൃത ലഹരി വ്യാപനവും ഫലപ്രദമായി തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് ലഹരി മാർഗ്ഗത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന കാഴ്ചപ്പാടോട് കൂടി "മയങ്ങില്ല കേരളം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

1. എൻഫോഴ്സ്മെന്റ്

ഓപ്പറേഷൻ തണ്ടർ

മയക്കുമരുന്ന് കടത്ത്, വിൽപ്പന, വിതരണം, സംഭരണം എന്നിവ തടയുന്നതിനായി "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജനങ്ങളൊത്തുചേരുന്ന സ്ഥലങ്ങൾ, പൊതുഗതാഗത കേന്ദ്രങ്ങൾ, മയക്കുമരുന്ന് വിൽപ്പനയ്ക്ക് സാധ്യതയുള്ള മറ്റ് ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും അന്തർ സംസ്ഥാന മയക്കുമരുന്ന് കടത്ത് ശൃംഖലകൾ കണ്ടെത്തുന്നതിന് മറ്റ് നിയമനിർവഹണ ഏജൻസികളുമായി സഹകരിക്കുകയും ചെയ്യുന്നു. പ്രസ്തുത സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 09.10.2026

വരെ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 9126 അബ്കാരി കേസുകളും 4810 NDPS കേസുകളും 37,597 COTPA കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ (State NCB)

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ (State NCB) രൂപീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ആയതിലൂടെ മയക്കുമരുന്ന് കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള രഹസ്യവിവര ശേഖരണം, ഡിജിറ്റൽ തെളിവുകളുടെ വിശകലനം, വിതരണ ശൃംഖലകളുടെ കണ്ടെത്തൽ, അന്വേഷണങ്ങളുടെ ഏകോപനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ആധുനിക സാങ്കേതികവിദ്യയും ശാസ്ത്രീയ അന്വേഷണരീതികളും പ്രയോജനപ്പെടുത്തി മയക്കുമരുന്ന് കുറ്റകൃത്യങ്ങളുടെ ഉറവിടം മുതൽ വിതരണ ശൃംഖലയുടെ വിവിധ കണ്ണികളെ വരെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരിക എന്നതാണ് പ്രധാന ലക്ഷ്യം.

പീഷിൽസ് ഐ ആപ്പ്

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 16-09-2026 മുതൽ 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ പ്രസ്തുത പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസിലേക്ക് ഓട്ടോമേറ്റഡ് റൂട്ടിംഗ് (Automated Routing) വഴി ഉടനടി കൈമാറ്റം ചെയ്യപ്പെടുന്നു. ഫീൽഡ് ഓഫീസുകൾ സ്വീകരിക്കുന്ന നടപടികൾ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് തത്സമയം (Real-time tracking) നിരീക്ഷിക്കാനുള്ള സംവിധാനവും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ദിവസത്തിനുള്ളിൽ പരാതിയിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി പരാതി അന്വേഷിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും സംവിധാനം നിലവിലുണ്ട്.

അന്തർസംസ്ഥാന-അന്തർവകുപ്പ് ഏകോപനം

മയക്കുമരുന്നുകളുടെ അന്തർസംസ്ഥാന കടത്ത് തടയുന്നതിനായി സംസ്ഥാന പോലീസ്, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, റെയിൽവേ പോലീസ്, വനംവകുപ്പ്, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുമായി വിവരങ്ങൾ കൈമാറുകയും സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മയക്കുമരുന്ന് കടത്ത് ശൃംഖലകളുടെ സംസ്ഥാനാന്തര ബന്ധങ്ങൾ കണ്ടെത്തുന്നതിനും പ്രധാന പ്രതികളെ തിരിച്ചറിയുന്നതിനും അന്വേഷണ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നുണ്ട്. ജില്ലാതലത്തിൽ NCORD (Narco Coordination Centre) യോഗങ്ങൾ ചേർന്ന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

സംസ്ഥാന വ്യാപകമായി 200 പ്രത്യേക പരിശോധന, RPF മായി ചേർന്ന് 354 സംയുക്ത പരിശോധന, പോലീസ്, NCB, വനം, RPF, DRI എന്നിവയുമായി ചേർന്ന് 887 ഓപ്പറേഷനുകൾ എന്നിവ നടത്തിയിട്ടുണ്ട്.

മറ്റ് പ്രധാന പ്രവർത്തനങ്ങൾ

സംസ്ഥാനതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലും ജില്ലാതലങ്ങളിൽ സ്ക്വാഡുകൾ ഫോഴ്സ് ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനയും പട്രോളിംഗും നടത്തി ലഹരി വസ്തുക്കളുടെ കടത്തും വിതരണവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്ന് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ചെക്ക് പോസ്റ്റുകളില്ലാത്ത അതിർത്തി പ്രദേശങ്ങളിൽ Kerala Excise Mobile Intervention Unit (KEMU) മുഖേന നിരന്തര വാഹന പരിശോധനയും നിരീക്ഷണവും നടത്തി വരുന്നു. ലഹരി വിൽപ്പന നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തുടർച്ചയായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു.

വാട്സ്ആപ്പ്, ഫേയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങൾ, ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി നടക്കുന്ന ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് സൈബർ സെൽ പ്രവർത്തിച്ച് വരുന്നു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി NDPS നിയമവ്യവസ്ഥകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം അധിക ശിക്ഷയ്ക്ക് 15 കേസുകൾ ശുപാർശ ചെയ്തിട്ടുണ്ട്. BNSS സെക്ഷൻ 126, 129 പ്രകാരം കുറ്റം ചെയ്യുകയില്ലെന്നുള്ള ബോണ്ട് നടപടികൾ സ്വീകരിച്ചത് 238 എണ്ണം. NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം 25 വയസ്സിൽ താഴെയുള്ള 25 പേർക്ക് ഡീ-അഡിക്ഷൻ ചികിത്സ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. PITNDPS നിയമപ്രകാരം സ്ഥിരം കുറ്റവാളികളായ 5 പേരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

2. ബോധവൽക്കരണ പ്രവർത്തനങ്ങൾ

സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് വിദ്യാർഥികളെ പങ്കെടുപ്പിച്ച് 'അറിവാണ് ലഹരി 2026' ക്വിസ് മത്സരം, 'യുവശബ്ദം 2026' പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചു. സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിൽ 5,800 തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. കോളേജുകളിൽ 1,172 തണ്ടർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ 626 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, മത്സരങ്ങൾ, ജനജാഗ്രത സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാർഥികളിലും പൊതുജനങ്ങളിലും അവബോധം ശക്തിപ്പെടുത്തി വരുന്നു. ആദ്യഘട്ടത്തിൽ 28 കോളേജുകളെ ലഹരിവിരുദ്ധ ക്യാമ്പസുകളായി പ്രഖ്യാപിക്കുകയും ശേഷിക്കുന്ന കോളേജുകളെ ഘട്ടംഘട്ടമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ലഹരിയുടെ ഉപയോഗസാധ്യത കുറയ്ക്കുന്നതിനായി എല്ലാ നിയസഭാ മണ്ഡലങ്ങളിലും 'റിലാക്സ്' പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നാളിതുവരെ 122 സ്ഥലങ്ങളിൽ റിലാക്സ് പദ്ധതിപ്രകാരം ആരോഗ്യകരമായ വിനോദത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. ലഹരിവിമുക്ത ചികിത്സയും കൗൺസിലിംഗും

ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സയും കൗൺസിലിങ്ങും ലഭ്യമാക്കുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസിലിങ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. 14405 എന്ന ടോൾ ഫ്രീ നമ്പർ മുഖേനയും ഈ കേന്ദ്രങ്ങളിൽ നേരിട്ടും സൗജന്യ കൗൺസിലിങ് ലഭ്യമാണ്. നിംഹാൻസ് മുഖേന പരിശീലനം ലഭിച്ച 32 വിമുക്തി മെന്റർമാർ വിദ്യാർഥികൾക്ക് പ്രാഥമിക കൗൺസിലിങ്

നൽകിവരുന്നു. 2026 മാർച്ച് വരെ 5,304 പേർക്ക് ഇത്തരത്തിൽ കൗൺസിലിങ് നൽകിയിട്ടുണ്ട്. ലഹരിമുക്ത ചികിത്സയ്ക്ക ശേഷം വീണ്ടും ലഹരി ഉപയോഗത്തിലേക്ക് മടങ്ങിപ്പോകുന്നത് തടയുന്നതിനായി ഫോളോ-അപ്പ് സേവനങ്ങളും ലഭ്യമാക്കുന്നു.

4. പുനരധിവാസ കേന്ദ്രങ്ങൾ

ഡി-അഡിക്ഷൻ ചികിത്സക്ക് ശേഷം ലഹരി മുക്തർ വീണ്ടും ലഹരിക്ക് അടിമപ്പെടാതിരിക്കാൻ പുനരധിവാസം വേണ്ടവർക്ക് ആയതിനുള്ള സേവനം നൽകുന്നതിനായി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് മയങ്ങില്ല കേരളം പദ്ധതിയുടെ ഭാഗമാണ്.

(ബി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിമുക്ത ക്യാമ്പസ് പദ്ധതികൾ എത്രത്തോളം വിജയകരമാണെന്ന് വ്യക്തമാക്കാമോ; ആയത് കൂടുതൽ ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലായി 5,800 തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളും, കോളേജുകളിൽ 1,172 തണ്ടർ ക്ലബ്ബുകളും കോളേജ് ഹോസ്റ്റലുകളിൽ 626 തണ്ടർ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലബ്ബുകൾ മുഖേന ക്വിസ് മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ 17,400 പരിപാടികളും കോളേജുകളിൽ 1,406 പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. 'അറിവാണ് ലഹരി 2026' എന്ന പേരിൽ സ്കൂൾ വിദ്യാർഥികൾക്കായി ക്വിസ് മത്സരവും 'യുവശബ്ദം 2026' എന്ന പേരിൽ കോളേജ് വിദ്യാർഥികൾക്കായി പ്രസംഗമത്സരവും സംഘടിപ്പിച്ച് വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫിയും നൽകിയിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാനത്തെ 28 കോളേജുകളെ ആദ്യ ഘട്ടത്തിൽ ലഹരിമുക്ത ക്യാമ്പസുകളായി പ്രഖ്യാപിക്കുകയും 06.10.2026-ന് തിരുവനന്തപുരം മാർഇവാനിയോസ് കോളേജിൽ സംസ്ഥാനതല പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കോളേജ് ക്യാമ്പസുകളെയും ഘട്ടംഘട്ടമായി ലഹരിമുക്ത ക്യാമ്പസുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വിദ്യാർഥികളിൽ ലഹരി ഉപയോഗത്തിലേക്ക് നയിച്ചേക്കാവുന്ന പ്രവണതകൾ നേരത്തെ തിരിച്ചറിഞ്ഞ് ആവശ്യമായ ഇടപെടൽ നടത്തുന്നതിനായി നേർവഴി പദ്ധതി, വിമുക്തി മെന്റർമാരുടെ സേവനം, കൗൺസിലിങ് സംവിധാനങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു. NIMHANS മുഖേന 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് ജീവിത നൈപുണ്യ അധിഷ്ഠിത ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിനും 32 ഉദ്യോഗസ്ഥർക്ക് കൗൺസിലിങ് പ്രവർത്തനങ്ങൾക്കുമായി പരിശീലനം നൽകിയിട്ടുണ്ട്. വിമുക്തി മെന്റർമാർ മുഖേന 2026 മാർച്ച് വരെ 5,304 പ്രാഥമിക കൗൺസിലിങ് സേവനങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ-കോളേജ് ക്യാമ്പസുകൾക്കു പുറത്തും ലഹരിവിരുദ്ധ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനജാഗ്രത സമിതികൾ പ്രവർത്തിക്കുന്നു. സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും ആകെ 20,999 ജനജാഗ്രത സമിതി യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾ, യൂത്ത് ക്ലബ്ബുകൾ, സ്കൂൾ-കോളേജ് അധികൃതർ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തം

ഉറപ്പാക്കുകയും ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ തുടർച്ചയായി നടപ്പിലാക്കുകയും ചെയ്യുന്നു. ക്യാമ്പസുകളിലും പരിസരങ്ങളിലും ലഹരിവസ്തുക്കളുടെ അനധികൃത വിൽപ്പനയും വിതരണവും തടയുന്നതിനുള്ള പരിശോധനകളും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തും. ലഹരി ഉപയോഗപ്രശ്നങ്ങൾ നേരിടുന്ന വിദ്യാർഥികൾക്ക് ആവശ്യമായ കൗൺസിലിങ്, ചികിത്സ, തുടർപിന്തുണ എന്നിവ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ ബോധവൽക്കരണം, പ്രതിരോധം, എൻഫോഴ്സ്മെന്റ്, കൗൺസിലിങ് എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിലൂടെ സ്കൂൾ-കോളേജ് ക്യാമ്പസുകളെ ലഹരിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുകയാണ് ലക്ഷ്യം.

(സി) എം.ഡി.എം.എ. പോലുള്ള സിന്തറ്റിക് മയക്കുമരുന്നുകൾ കണ്ടുപിടിക്കുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ആധുനിക പരിശീലനങ്ങളും സാങ്കേതികവിദ്യകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> എം.ഡി.എം.എ. പോലുള്ള സിന്തറ്റിക് മയക്കു മരുന്നുകളുടെ കടത്തും വിതരണവും കണ്ടെത്തുന്നതിനും ഫലപ്രദമായ അന്വേഷണം നടത്തുന്നതിനുമായി എക്സൈസ് ഉദ്യോഗസ്ഥരുടെ ശാസ്ത്രീയ അന്വേഷണശേഷിയും സാങ്കേതിക പരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി മയക്കുമരുന്നുകളെ തിരിച്ചറിയുന്നതിനുള്ള പരിശീലനം, സംശയാസ്പദമായ സാഹചര്യങ്ങൾ കണ്ടെത്തുന്നതിനുള്ള രഹസ്യാന്വേഷണ മാർഗങ്ങൾ, ഡിജിറ്റൽ തെളിവുകളുടെ ശേഖരണവും വിശകലനവും, കുറ്റകൃത്യങ്ങളിലെ പ്രതികളുടെ ബന്ധങ്ങളും വിതരണശൃംഖലകളും കണ്ടെത്തുന്നതിനുള്ള അന്വേഷണരീതികൾ എന്നിവയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. എം.ഡി.എം.എ. ഉൾപ്പെടെയുള്ള സിന്തറ്റിക് ലഹരിവസ്തുക്കളുടെ സാന്നിധ്യം പ്രാഥമികമായി തിരിച്ചറിയുന്നതിന് ആധുനിക ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എക്സൈസ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് കേസുകളിൽ പിടിച്ചെടുക്കുന്ന സാമ്പിളുകൾ സമയബന്ധിതമായി ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി പരിശോധനാഫലം വേഗത്തിൽ ലഭ്യമാക്കുന്നതിനായി എക്സൈസ് വകുപ്പിന് കീഴിൽ പ്രത്യേക കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതുള്ള പ്രാരംഭപ്രവർത്തനം ആരംഭിച്ചു. ഇതിലൂടെ എം.ഡി.എം.എ. ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ സാമ്പിളുകളുടെ പരിശോധന വേഗത്തിലാക്കാനും കേസുകളുടെ അന്വേഷണവും തുടർനിയമനടപടികളും സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയും

സെക്ഷൻ ഓഫീസർ